# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5685 | 18.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **തിരുവമ്പാടി മണ്ഡലത്തിലെ മാതൃക അംഗൻവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ജോർജ് എം. തോമസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) തിരുവമ്പാടി മണ്ഡലത്തിൽ കുന്ദമംഗലം, കൊടുവള്ളി ബ്ലോക്കുകളിലായി മാതൃക അംഗൻവാടികളായി തെരഞ്ഞെടുക്കപ്പെട്ടവയുടെ വിശദാംശം ലഭ്യമാക്കുമോ;<br>ബി) ഇതിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ)&(ബി) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കുന്ദമംഗലം ബ്ലോക്കിലെ കൊടിയത്തൂർ പഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി തെരഞ്ഞെടുത്തിരുന്നു. ടി അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 20 സെന്റ് സ്ഥലം ലഭിച്ചിരുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണം 142 സ്ക്വയർമീറ്റർ ആണ്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വരാന്ത, രണ്ട് ഹാൾ, ഒരു റൂം, ഒരു അടുക്കള, രണ്ട് ഇന്ത്യൻ ടോയ്‌ലെറ്റ് എന്നിവയും ഒന്നാം നിലയിൽ ഒരു ഹാൾ, ഒരു റൂം, ഒരു ടോയ്‌ലെറ്റ് എന്നിവയുമുണ്ട്. കുട്ടികൾക്ക് കളിക്കാൻ Outdoor play ground, Merigo round, Slider എന്നീ സൗകര്യങ്ങളോട്ടു കൂടി അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ടി അങ്കണവാടി പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ